നമ്പർ. സി.ബി(1) 37031/2009.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം. തീയതി. 17.01.2011

**Email : keralarcs@co-op.kerala.gov.in**
***Website : www.co-operation.kerala.gov.in***
**Tel No. 0471 2330726**

## സർക്കുലർ നമ്പർ 8/2011

വിഷയം :- സഹകരണ വകുപ്പ് – തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ.എം.എസ്. സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം ലഭിച്ച സ്ഥലം/വീട് പണയമായി സ്വീകരിച്ച് വായ്പ അനുവദിക്കുന്നതിന് സഹകരണ സംഘങ്ങൾക്ക്/ബാങ്കുകൾക്ക് അനുമതി – മാർഗ്ഗ നിർദ്ദേശം പുറപ്പെടുവിക്കുന്നത് – സംബന്ധിച്ച്.

സൂചന :-
1. 7.11.2009-ലെ സ.ഉ(എം.എസ്.)207/2009/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. സഹകരണ സംഘം രജിസ്ട്രാറുടെ 29-1-2010-ലെ 3/2010 നമ്പർ സർക്കുലർ.
3. 7-7-2010-ലെ സ.ഉ.(സാധാ) 2234/2010/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
4. 13-12-2010-ലെ 10886/ബി1/10/സഹ നമ്പർ സർക്കാർ കത്ത്.

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച സൂചന (1) പ്രകാരം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശത്തിൽ ടി പദ്ധതി പ്രകാരം അനുവദിക്കുന്ന വീടിന്റെ/സ്ഥലത്തിന്റെ അന്യാധീനപ്പെടുത്തലും, കൈമാറ്റവും 10 വർഷത്തേക്ക് ഒഴിവാക്കുന്നതിന് ഗുണഭോക്താവ് ഒരു കരാർ പത്രം ഗ്രാമ പഞ്ചായത്തിന്റെ/നഗരസഭയുടെ സെക്രട്ടറിയുടെ പേരിൽ എഴുതി സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഇപ്രകാരം കരാർ പത്രം രജിസ്റ്റർ ചെയ്യുന്നതിനാൽ ടി വിവരം രേഖപ്പെടുത്തിയാണ് സ്ഥലത്തിന്റെ ബാദ്ധ്യത സംബന്ധിച്ച സർട്ടിഫിക്കറ്റ് സബ് രജിസ്ട്രാർ ഓഫീസിൽ നിന്നും നൽകിവരുന്നത്. ഇപ്രകാരം ബാദ്ധ്യത ഉള്ളതായി രേഖപ്പെടുത്തുന്നതു കാരണം ടി സ്ഥലവും, വീടും പണയമായി സ്വീകരിച്ച് ഗുണഭോക്താക്കളുടെ വിവിധ ആവശ്യങ്ങൾക്ക് വായ്പ നൽകാൻ ധനകാര്യ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇക്കാര്യം വിശദമായി സർക്കാർ പരിശോധിച്ചിരുന്നു. ഇ.എം.എസ്. ഭവന പദ്ധതിയുടെ ആനുകൂല്യം അനർഹർക്ക് ലഭിക്കുന്നില്ലെന്നും, ലഭിച്ച വീടും, സ്ഥലവും ഗുണഭോക്താക്കൾ വില്ക്കുന്നില്ലെന്നും, ഉറപ്പാക്കുന്നതിനാണ് വീടും, സ്ഥലവും 10 വർഷത്തേക്ക് അന്യാധീനപ്പെടുത്തുന്നതല്ലെന്ന് രേഖപ്പെടുത്തി കരാർ പത്രം രജിസ്റ്റർ ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തിരുന്നതെന്നും ഇതിനെ ഭൂമിയിലെ ബാധ്യതയായി വ്യാഖ്യാനിക്കുന്നത് ശരിയല്ല എന്നും ആയതിനാൽ ഇ.എം.എസ് ഭവന പദ്ധതി പ്രകാരം നിർമ്മിച്ച വീടും സ്ഥലവും പണയമായി സ്വീകരിച്ചുകൊണ്ട് ധനകാര്യ സ്ഥാപനങ്ങൾ വായ്പ അനുവദിക്കുന്നതിനോ വീടും, സ്ഥലവും ഗുണഭോക്താക്കളുടെ പിന്തുടർച്ചാവകാശികൾക്ക് ഇഷ്ടദാനമായി നൽകുന്നതിനോ ഈ കരാർ തടസ്സമല്ലെന്ന് സൂചന(3) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇ. എം. എസ് ഭവന പദ്ധതി പ്രകാരം ലഭിച്ച/നിർമ്മിച്ച വീടും, സ്ഥലവും പണയമായി സ്വീകരിച്ചുകൊണ്ട് നൽകുന്ന വായ്പയിൽ കുടിശ്ശിക വരുത്തിയാൽ നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം വായ്പ തുക ഈടാക്കാൻ ജപ്തി ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് തന്നെയാണ് ഇതുകൊണ്ട് അർത്ഥമാക്കുന്നതെന്ന് സൂചന (4) പ്രകാരം സർക്കാർ അറിയിച്ചിട്ടുണ്ട്.

സൂചന(3)-ലെ സർക്കാർ ഉത്തരവിലെ യും, സൂചന(4)-ലെ സർക്കാർ കത്തിലെ നിർദ്ദേശത്തിന്റെയും അടിസ്ഥാനത്തിൽ ചുവടെ പറയും പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിക്കുന്നു.

ഇ.എം.എസ് സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം നിർമ്മിച്ച/ലഭിച്ച വീടും,സ്ഥലവും പണയമായി സ്വീകരിച്ചുകൊണ്ട് വായ്പ നൽകുന്നതിന് കേരള സംസ്ഥാന സഹകരണ ബാങ്കിനും, ജില്ലാ സഹകരണ ബാങ്കുകൾക്കും, പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും അനുവാദം നൽകുന്നു. അപ്രകാരം നൽകുന്ന വായ്പയുടെ തിരിച്ചടവിൽ കുടിശ്ശിക വരുത്തുന്ന പക്ഷം ടി വായ്പാ അക്കൗണ്ടിലെ തുക ജപ്തി നടപടി ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ച് വായ്പ നൽകിയ സഹകരണ സംഘത്തിന്/ബാങ്കിന് ഈടാക്കാവുന്നതാണ്.

ഒപ്പ്.

സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :

1. അഡീഷണൽ ചീഫ് സെക്രട്ടറി, സഹകരണ വകുപ്പ് (ആമുഖ കത്തു സഹിതം)
2. പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് (ആമുഖ കത്തു സഹിതം)
3. ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന സഹകരണ ബാങ്ക്
5. ജനറൽ മാനേജർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും
6. എല്ലാ ജോയിന്റ് രജിസ്ട്രാർ(ജനറൽ) മാർക്കും,
7. എല്ലാ ജോയിന്റ് ഡയറക്ടർ (ഓഡിറ്റ്)മാർക്കും,
8. ജോയിന്റ് ഡയറക്ടർ/സമകാലീന ഓഡിറ്റർ, കേരള സംസ്ഥാന സഹകരണ ബാങ്ക്.
9. ജോയിന്റ് ഡയറക്ടർ/സമകാലീന ഓഡിറ്റർ, എല്ലാ ജില്ലാ സഹകരണ ബാങ്കുകളും.
10. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ)മാർക്കും, (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന)
11. എല്ലാ അസിസ്റ്റന്റ് ഡയറക്ടർ(ഓഡിറ്റ്)മാർക്കും, (ജോയിന്റ് ഡയറക്ടർ(ഓഡിറ്റ്) മുഖേന)
12. എല്ലാ പ്രാഥമിക വായ്പാ സഹകരണ സംഘങ്ങൾക്കും/ബാങ്കുകൾക്കും (ജോയിന്റ് രജിസട്രാർ(ജനറൽ) മുഖേന.
13. ചീഫ് ജനറൽ മാനേജർ, നബാർഡ്, റീജിണൽ ഓഫീസ്, തിരുവനന്തപുരം,
14. സെക്രട്ടറി, കേരള സംസ്ഥാന സഹകരണ യൂണിയൻ.
15. എല്ലാ ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറി(ജില്ലാ കളക്ടർ)മാർക്കും.
16. സഹകരണ സംഘം രജിസ്ട്രാറുടെ മേശപുറത്ത്.
17. ഈ ഓഫീസിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷൻ സൂപ്രണ്ട്മാർക്കും.
18. എഡിറ്റർ, സഹകരണ വീഥി
19. എഡിറ്റർ, സഹകരണ ജേർണൽ
20. സ്റ്റോക്ക് ഫയൽ.
21. സ്പെയർ.

//ആജ്ഞാനുസരണം//

Reema Lakshmanan

അസിസ്റ്റന്റ് രജിസ്ട്രാർ(സിഎൽറ്റി സെക്ഷൻ)

കെഎസ്.